# സൂര്യതേജസ്സ്



ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ് 2019 - 2020
എച്ച് എസ് എസ് ഫോർ ഗേൾസ് വെങ്ങാനൂർ

# ആശംസകളോടെ




"സൂര്യതേജസ്സ് " എന്ന ഡിജിറ്റൽ മാഗസിന് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സിലെ വിദ്യാർത്ഥിനികൾക്കും കൈറ്റ് മാസ്റ്റർക്കും മിസ്ട്രസിനും എന്റെ അഭിനന്ദനങ്ങളും ആശംസകളും.

ദീപ്തി ഗിരീഷ്
മാനേജർ,
എച്ച്. എസ് .എസ് .ഫോർ ഗേൾസ്
വെങ്ങാനൂർ



ലിറ്റൽ കൈറ്റ്സിന്റെ  ആഭിമുഖ്യത്തിൽ തയ്യറാക്കിയ "സൂര്യതേജസ്സ്" എന്ന ഡിജിറ്റൽ മഗസിനിലെ വിഭവങ്ങൾ നമ്മുടെ കുരുന്നുകളുടെയും സഹപ്രവർത്തകരുടെയും പൂർവ വിദ്യാർത്ഥിനികളുടെയും സൃഷ്ടികളാണ്. ഈ പ്രവർത്തനങ്ങൾക്ക്  ഇനിയും ഉയരങ്ങൾ എത്തിപ്പിടിക്കാനകട്ടെ. "സൂര്യതേജസ്സി"ന് പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥിനികൾക്കും കൈറ്റ് മാസ്റ്ററിനും മിസ്ട്രസിനും എല്ലാവിധ ഭാവുകങ്ങളും നേരുന്നു

ഹെഡ്മിസ്ട്രസ്



ലിറ്റിൽ കൈറ്റ്സ്  ഐ ടി ക്ലബ്ബിലെ വിദ്യാർത്ഥിനികൾ തയ്യാറാക്കിയ “സൂര്യതേജസ്സ് " എന്ന ഡിജിറ്റൽ മാഗസിനും അതിനു പിന്നിൽ പ്രവർത്തിച്ച കൈറ്റ് മാസ്റ്റർക്കും മിസ്ട്രസിനും എന്റെ ആശംസകൾ.

ഹരീന്ദ്രൻ നായർ
പി ടി എ പ്രസിഡന്റ്,
എച്ച് എസ് എസ് ഫോർ ഗേൾസ്
വെങ്ങാനൂർ

## ഉള്ളടക്കം

ആശംസകളോടെ.......................................................................................................2
സമർപ്പണം.......................................................................................................5
എഡിറ്റോറിയൽ.......................................................................................................6
മാനേജർമാർ.......................................................................................................7
സ്ഥാപക മാനേജർ.......................................................................................................7
മുൻ മാനേജർമാർ.......................................................................................................8
മാനേജർ.......................................................................................................9
ഹെഡ്മിസ്ട്രസ്.......................................................................................................10
.......................................................................................................10
പി റ്റി എ ഭാരവാഹികൾ.......................................................................................................11
വിദ്യാർത്ഥി പ്രതിനിധികൾ.......................................................................................................11
സ്കൂൾ ജീവനക്കാർ.......................................................................................................12
ഹൈസ്കൂൾ വിഭാഗം.......................................................................................................12
ഹയർസെക്കൻഡറി വിഭാഗം.......................................................................................................12
ലഘു ചരിത്രം.......................................................................................................13
വിവിധ ക്ലബ്ബുകളും അവയുടെ സാരഥികളും.......................................................................................................14
1. സയൻസ് ക്ലബ്ബ് (കൺവീനർ-ശ്രീ. സുരേഷ്കുമാർ കെ.ആർ.).......................................................................................................14
2.സോഷ്യൽ സയൻസ് ക്ലബ്ബ് (കൺവീനർ- ശ്രീമതി. വിജയരമണി എം).......................................................................................................14
3.മാത്തമാറ്റിക്സ് ക്ലബ്ബ്(കൺവീനർ- ശ്രീമതി ശ്രീലേഖ. ആർ).......................................................................................................14
4.ഇംഗ്ലീഷ് ക്ലബ്ബ്(കൺവീനർ-ശ്രീമതി ലേഖ. എസ്).......................................................................................................15
5.ഹിന്ദി ക്ലബ്ബ് (കൺവീനർ-ശ്രീമതി രേഖ ദാസ്).......................................................................................................15
6.അറബി ക്ലബ്ബ് (കൺവീനർ-ശ്രീമതി നിസ്സ.എസ്സ്.).......................................................................................................15
7.ഗേൾ ഗൈഡ്സ് (ക്യാപ്റ്റൻ-ശ്രീമതി നദീറബീവി. റ്റി.).......................................................................................................15
8.ഫോറസ്ട്രീ/ഇക്കോ ക്ലബ്ബ് (കൺവീനർ-ശ്രീ. സുനിൽ ജി.എസ്).......................................................................................................15
9.നാച്വർ ക്ലബ്ബ് (കൺവീനർ-ശ്രീമതി സതി.എസ്).......................................................................................................16
10.സാഹിത്യവേദി (കൺവീനർ-ശ്രീമതി പ്രിയ പി.എസ്).......................................................................................................16
11.ആർട്സ് ക്ലബ്ബ് (കൺവീനർ-ശ്രീമതി നദീറബീവി. റ്റി,ശ്രീ.ബി.വി.രഞ്ജിത്കുമാർ).......................................................................................................16
12.കാർഷിക ക്ലബ്ബ് (കൺവീനർ-ശ്രീമതി ആശാമോൾ കെ.എസ്).......................................................................................................16
13.സ്പോർട്സ് ക്ലബ്ബ്.......................................................................................................17
കിളികൊഞ്ചൽ.......................................................................................................21
പൂർവ്വ വിദ്യാർത്ഥി സംഘടന – സതീർത്ഥ്യം.......................................................................................................22
ലിറ്റിൽകൈറ്റ്സ്.......................................................................................................23

ഡിജിറ്റൽ പൂക്കളം........26
ഓണാഘോഷം - ഒരു നേർക്കാഴ്ച........28
മികവുകൾ........29
എന്റെ സ്വപ്നങ്ങളിലെ ഭാരതം........30
പ്ലാസ്റ്റിക് എന്ന വില്ലൻ........32
കാത്തിരിപ്പ്........33
എന്റെ അമ്മ........35
എന്റെ കായിക ജീവിത യാത്ര........36
വിദ്യാലയം........38
നൂറിന്റെ നിറവിൽ എന്റെ വിദ്യാലയം........40
നീതിസാരം........41
ഭൂമിയുടെ ദുഖം........43
മനുഷ്യനുണ്ടോ മനുഷ്യത്വം........44
രാമായണത്തിലെ ചൊല്ലുകൾ........46
അറബിക്........47
ഹിന്ദി........48
प्यार........48
കാരുണ്യ ദിനം........49
സ്വച്ഛഗൃഹ........50
നൂറിന്റെ നിറവിൽ........51

# സമർപ്പണം

വിവര വിനിമയ സാങ്കേതിക മികവിലേക്ക് കുട്ടികളെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ എട്ടാം ക്ലാസ്സിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ ഉൾക്കൊള്ളിച്ചു കൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. ലിറ്റിൽ കൈറ്റ്സിന്റെ ഒരു പഠനാനുബന്ധ പ്രവർത്തനമാണ് മാഗസിൻ നിർമ്മാണം. അതിനു വേണ്ടി ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾ കൈറ്റ്സ് മാസ്റ്ററിന്റെയും മിസ്ട്രസ്സിന്റെയും മറ്റ് അധ്യാപകരുടെയും വിദ്യാർത്ഥിനികളുടെയും സഹായത്തോടെ തയ്യാറാക്കിയ രണ്ടാമത്തെ മാഗസിനാണ് **“സൂര്യതേജസ്സ്** ". 2019-2020 അദ്ധ്യയന വർഷത്തെ മികവുറ്റ പ്രവർത്തനങ്ങൾ എല്ലാം തന്നെ **“സൂര്യതേജസ്സ്** "എന്ന മാഗസിനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

മാനേജർ, ഹെഡ്മിസ്ട്രസ്സ്, അധ്യാപകർ, അനധ്യാപകർ, പി.ടി.എ ഭാരവാഹികൾ, കൈറ്റ്സ് മാസ്റ്റർ, മിസ്ട്രസ്സ് തുടങ്ങി ഏവരുടെയും അനുവാദത്തോടെ ശതാബ്ദി ആഘോഷിക്കുന്ന ഞങ്ങളുടെ വിദ്യാലയ മുത്തശ്ശിക്ക് **“സൂര്യതേജസ്സ്** " എന്ന ഡിജിറ്റൽ മാഗസിൻ ആദരപൂർവ്വം സമർപ്പിക്കുന്നു.

# എഡിറ്റോറിയൽ

ലിറ്റിൽ കൈറ്റ്സ് തനതുപ്രവർത്തനങ്ങളുമായി യാത്ര തുടരുകയാണ്. വാമൊഴിയിൽ തുടങ്ങി വരമൊഴിയിലൂടെ കടന്ന് ഡിജിറ്റൽ പുസ്തകത്തിലെത്തുമ്പോൾ ഭാഷയും അതിന്റെ രൂപവും ഭാവവും മാറ്റങ്ങൾക്ക് വിധേയമാകുന്നു. "**സൂര്യതേജസ്സ്** ന്റെ താളുകൾ മറിക്കുമ്പോൾ ഡിജിറ്റൽ മികവ് പ്രഭാപൂരിതമാകുന്ന എച്ച് എസ് എസ് ഫോർ ഗേൾസിന്റെ സർ ഗസൃഷ്ടികളോടൊപ്പം പ്രവർത്തനനേട്ടങ്ങളും. വരും കാലങ്ങളിൽ ശ്രേയസ്സിന്റെ പൂമണം വിതറി "**സൂര്യതേജസ്സോടെ** പരിലസിക്കട്ടെ......









# മാനേജർമാർ

## സ്ഥാപക മാനേജർ



ശ്രീ എൻ. വിക്രമൻ പിള്ള

# മുൻ മാനേജർമാർ



ശ്രീ എൻ. പത്മനാഭപിള്ള



ശ്രീമതി എ. സരസ്വതി അമ്മ



ശ്രീ ചന്ദ്രശേഖരപിള്ള



ശ്രീമതി ആനന്ദവല്ലി അമ്മ



അഡ്വ. ഗിരീഷ്കുമാർ

# മാനേജർ



ശ്രീമതി ദീപ്തി ഗിരീഷ്

# ഹെഡ്മിസ്ട്രസ്



ശ്രീമതി ശ്രീലതാദേവി പി എൽ

# പി റ്റി എ ഭാരവാഹികൾ

പി. ടി. എ പ്രസിഡന്റ്
ശ്രീ  ഹരീന്ദ്രൻ നായർ



പി. ടി. എ വൈസ് പ്രസിഡന്റ്
ശ്രീമതി രമ്യ സന്തോഷ്



എം. പി. ടി. എ പ്രസിഡന്റ്
ശ്രീമതി പ്രിയ ജി. പി



# വിദ്യാർത്ഥി പ്രതിനിധികൾ



**പാർവതികൃഷ്ണ - 10C**
**സ്കൂൾ സെക്രട്ടറി**



**ഫാത്തിമ ഫർഹാന എസ് - 10A**
**വൈസ് ചെയർപേർസൺ**

# സ്കൂൾ ജീവനക്കാർ

## ഹൈസ്കൂൾ വിഭാഗം



## ഹയർസെക്കൻഡറി വിഭാഗം



# ലഘു ചരിത്രം

ശതാബ്ദിയിൽ നിൽക്കുന്ന സുദീർഘമായ ഒരു സേവന ചരിത്രമാണ് ഈ വിദ്യാലയത്തിനുള്ളത്. യശഃശരീരനായ ശ്രീ. എൻ. വിക്രമൻപിള്ള 1920-ൽ സ്ഥാപിച്ച വെങ്ങാനൂർ ഇംഗ്ലീഷ് മിഡിൽ സ്കൂൾ 1945-ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. പിൽക്കാലത്ത് വിവിധ സേവന രംഗങ്ങളിൽ പ്രശസ്തരും പ്രഗത്ഭരുമായ പലരും ഈ സരസ്വതീ ക്ഷേത്രത്തിന്റെ സംഭാവനയാണ്. 1961-ൽ വിദ്യാർത്ഥികളുടെ ബാഹുല്യം കണക്കിലെടുത്ത് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനു വേണ്ടി ബോയ്സ് ഹൈസ്കൂൾ, ഗേൾസ് ഹൈസ്കൂൾ എന്നിങ്ങനെ വിഭജിക്കപ്പെട്ടു. ദിവംഗതരായ എൻ. പത്മനാഭപിള്ളയും എ. സരസ്വതി അമ്മയും ഇരു സ്കൂളുകളിലേയും മാനേജർമാരായിരുന്നു. 1986 സെപ്റ്റംബറിൽ രണ്ടു സ്കൂളുകളും വെവ്വേറെ മാനേജ്മെന്റുകളുടെ നിയന്ത്രണത്തിൽ വന്നു.തുടർന്ന് ശ്രീമതി ആനന്ദവല്ലി അമ്മ ഗേൾസ് ഹൈസ്കൂളിലെ മാനേജരായി തിരഞ്ഞെടുക്കപ്പെട്ടു. ഇപ്പോൾ ശ്രീമതി ദീപ്തി ഗിരീഷാണ് മാനേജരുടെ ചുമതല നിർവഹിക്കുന്നത്.

ഈ വിദ്യാലയത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി 1996 മുതൽ അശ്രാന്തം പ്രയത്നിക്കുകയും 1998-ൽ ഒരു ഹയർ സെക്കന്ററി സ്കൂളായി ഈ സ്ഥാപനത്തെ ഉയർത്തുകയും ചെയ്തത് ദിവാംഗതനായ ചന്ദ്രശേഖരപ്പിള്ള സാറായിരുന്നു. അദ്ദേഹത്തിന്റെ സേവന തത്പരതയും സാമൂഹിക പ്രതിബദ്ധതയെയും ഈ അവസരത്തിൽ ഞങ്ങൾ ആദരപൂർവ്വം സ്മരിക്കുന്നു.

# വിവിധ ക്ലബ്ബുകളും അവയുടെ സാരഥികളും

## 1. സയൻസ് ക്ലബ്ബ് (കൺവീനർ-ശ്രീ. സുരേഷ്കുമാർ കെ.ആർ.)

ശാസ്ത്രവിദ്യാഭ്യാസത്തിന് അനുപൂരമായിപ്രവർത്തിക്കുന്നു.പ്രവർത്തനങ്ങളിലൂടെ ശാസ്ത്രവിഷയങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്താനുള്ള പരിപാടിയാണിത്. ലാബിലെ പരീക്ഷണങ്ങൾ, വർക്ക്ഷോപ്പ് പരിശീലനം, പഠനയാത്രകൾ, ഗവേഷണോന്മുഖരമായ പ്രോജക്ടുകൾ,സയൻസ് ക്വിസുകൾ ഇവ സയൻസ് ക്ലബിന്റെ പ്രവർത്തന പരിധിയിൽ വരുന്നു.

## 2.സോഷ്യൽ സയൻസ് ക്ലബ്ബ് (കൺവീനർ- ശ്രീമതി. വിജയരമണി എം)

പൊതുവിജ്ഞാനം വർധിപ്പിക്കുക, ചരിത്രം, ഭൂമിശാസ്ത്രം, ധനതത്വശാസ്ത്രം, രാഷ്ട്രതത്വശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ താൽപര്യം ഉണ്ടാക്കുക, ദേശീയബോധം, പൗരബോധം, നമ്മുടെ രാജ്യത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ചു ള്ള അഭിമാനം തുടങ്ങിയവകുട്ടികളിൽ ഉളവാക്കുക, പഠനയാത്രകൾ, ക്വിസുകൾ ഇവ നടത്തുക, പ്രദർശനവസ്തുക്കൾ നിർമ്മിക്കുക ഇവ സോഷ്യൽ_സയൻസ് ക്ലബ്ബ് ലക്ഷ്യമാക്കുന്നു.

## 3.മാത്തമാറ്റിക്സ് ക്ലബ്ബ്(കൺവീനർ- ശ്രീമതി ശ്രീലേഖ. ആർ)

ഗണിതശാസ്ത്രത്തിന്റെ അടിസ്ഥാനതത്വം മനസ്സിലാക്കിക്കുകയും കണക്ക് പഠനം ലളിതവും സുഗമവുമാക്കുകയും അഭിരുചി വളർത്തുകയും ചെയ്യുക.

## 4.ഇംഗ്ലീഷ് ക്ലബ്ബ്(കൺവീനർ-ശ്രീമതി ലേഖ. എസ്)

ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനും കുട്ടികളിലെ ആശയവിനിമയശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

## 5.ഹിന്ദി ക്ലബ്ബ് (കൺവീനർ-ശ്രീമതി രേഖ ദാസ്)

ഹിന്ദി ഭാഷയിലും സാഹിത്യത്തിലും താല്പര്യം ഉണ്ടാക്കുന്ന തരത്തിലുള്ള ഒരു ഹിന്ദി ക്ലബ്ബ് പ്രവർത്തിക്കുന്നു.

## 6.അറബി ക്ലബ്ബ് (കൺവീനർ-ശ്രീമതി നിസ്സ.എസ്സ്.)

അറബി ഭാഷയിലും സാഹിത്യത്തിലും താല്പര്യം ഉണ്ടാക്കുന്ന തരത്തിലുള്ള ഒരു അറബി ക്ലബ്ബ് പ്രവർത്തിക്കുന്നു.

## 7.ഗേൾ ഗൈഡ്സ് (ക്യാപ്റ്റൻ-ശ്രീമതി നദീറബീവി. റ്റി.)

സേവനമനസ്ഥിതി,അച്ചടക്കം തുടങ്ങിയവ വിദ്യാർത്ഥിനികളിൽ ഉളവാക്കുക, സാമൂഹ്യജീവിതത്തിലെ പ്രധാന ഘട്ടങ്ങളെക്കുറിച്ച് പരിശീലനം നൽകുക.

## 8.ഫോറസ്ട്രീ/ഇക്കോ ക്ലബ്ബ് (കൺവീനർ-ശ്രീ. സുനിൽ ജി.എസ്)

പരിസ്ഥിതി സംരക്ഷണം, പ്രകൃതിയിൽ വൃക്ഷങ്ങളുടെയും സസ്യങ്ങളുടെയും പങ്കിനെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

## 9.നാച്വർ ക്ലബ്ബ് (കൺവീനർ-ശ്രീമതി സതി.എസ്)

കുട്ടികളിൽ പ്രകൃതിസ്നേഹം വളർത്തുന്നതിനും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും ക്ലബ്ബ് പ്രവർത്തിക്കുന്നു.

## 10.സാഹിത്യവേദി (കൺവീനർ-ശ്രീമതി പ്രിയ പി.എസ്)

കുട്ടികളിലെ സാഹിത്യപരമായ കഴിവുകൾ കണ്ടെത്തി അവയെ പരിപോഷിപ്പിക്കാനുള്ള പ്രവർത്തനമാണ് സാഹിത്യവേദി ചെയ്യുന്നത്.കവിതാരചന, കഥാരചന, ഉപന്യാസരചന, അക്ഷരശ്ലോകം, പാരായണം, പ്രസംഗകല എന്നിവയിൽ പരിശീലനം നൽകുന്നു. പൊതു പ്രാധാന്യമുള്ള പ്രശ്നങ്ങളെപറ്റി ചർച്ചകൾ സംഘടിപ്പിക്കുക തുടങ്ങിയവ കൈകാര്യം ചെയ്യുന്നു.

## 11.ആർട്സ് ക്ലബ്ബ് (കൺവീനർ-ശ്രീമതി നദീറബീവി.റ്റി,ശ്രീ.ബി.വി.രഞ്ജിത്കുമാർ)

കുട്ടികളിലെ കലാവാസനകളെ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ആർട്സ് ക്ലബ്ബ് പ്രവർത്തിക്കുന്നത്.നൃത്തം, ഉപകരണ സംഗീതം,ചിത്രരചന,തയ്യൽ തുടങ്ങിയവയിൽ പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള ചുമതല ആർട്സ് ക്ലബ്ബിന്റേതാണ്.ആർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഇടയ്ക്കിടെ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

## 12.കാർഷിക ക്ലബ്ബ് (കൺവീനർ-ശ്രീമതി ആശാമോൾ കെ.എസ്)

പച്ചക്കറി കൃഷിയിൽ ശാസ്ത്രീയമായ പരിശീലനം നേടിയ അധ്യാപകർ, കൃഷി ഡിപ്പാർട്ടുമെന്റിന്റെ സഹായസഹകരണത്തോടെ കുട്ടികൾക്ക് പരിശീലനം നൽകുന്നു.

## 13.സ്പോർട്സ് ക്ലബ്ബ്

ശാരീരികവും മാനസികവുമായ കഴിവുകളുടെ വികാസം, ആരോഗ്യകരമായ ജീവിതശീലങ്ങൾ വളർത്തുക, കുട്ടികളുടെ കായിക മികവ് കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യത്തോടുകൂടി ഒരു സ്പോർട്സ് ക്ലബ് സ്കൂളിൽ പ്രവർത്തിച്ച് വരുന്നു. അധ്യാപികയായ സിന്ധു പി എൽ സ്പോർട്സ് ക്ലബിന്റെ കൺവിനർ സ്ഥാനം അലങ്കരിക്കുന്നു. സ്പോർട്സിന് പ്രത്യേകമായി ഒരു മുറി സജ്ജീകരിച്ചിരിക്കുന്നു.

1999 മുതൽ നെയ്യാറ്റിൻകര ജില്ലാ അത്ലറ്റിക് മീറ്റിലും ഇപ്പോൾ സബ്ജില്ലാ മീറ്റിലും ഓവറോൾ ചാമ്പ്യൻമാരും റണ്ണർ അപ്പും ആയിക്കൊണ്ടിരിക്കുന്നു. എല്ലാ വർഷവും കുറഞ്ഞത് 5 വിദ്യാർത്ഥിനികളെങ്കിലും സംസ്ഥാന സ്കൂൾ ഗെയിംസിൽ പങ്കെടുത്ത് വരുന്നു. സംസ്ഥാന തലത്തിലും ദേശീയതലത്തിലും ഇവിടത്തെ വിദ്യാർത്ഥിനികൾ സ്വർണ്ണ മെഡലുകൾ ഉൾപ്പടെ മെഡലുകൾ കരസ്ഥമാക്കികൊണ്ടിരിക്കുന്നു. ആദ്യത്തെ റവന്യൂ ജില്ലാ അത്ലറ്റിക് മീറ്റിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി ചാമ്പ്യൻമാരാകുവാൻ ഞങ്ങളുടെ സ്കൂളിന് സാധിച്ചു. അത്ലറ്റിക്സ് കൂടാതെ വോളിബാൾ, ഫുട്ബോൾ, ഹാൻഡ്ബോൾ, സോഫ്റ്റ്ബോൾ, ഹോക്കി, ക്രിക്കറ്റ്, ചെസ്സ്, കബഡി, ഖോ-ഖോ, ഷട്ടിൽ, റഗ്ബി ബേസ് ബോൾ, ആർച്ചറി,ഫെൻസിംഗ്, കരാട്ടെ എന്നിവയിൽ ഇവിടെ പരിശീലനം നൽകിവരുന്നു.

സ്പോർട്സ് ക്ലബ്ബിന്റെ പ്രവർത്തനം വളരെ മികവു പുലർത്തിയിരുന്നതിനാൽ കായികരംഗത്ത് വളരെ മികച്ച നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചു. സ്കൂൾ സ്പോർട്സ് ഡേയോടനുബന്ധിച്ച് ക്വിസ്, പോസ്റ്റർ മത്സരം എന്നിവ നടത്തി. സ്കൂൾ തലത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച വിദ്യാർത്ഥിനികൾ സബ്ജില്ലാ - ജില്ലാതലങ്ങളിൽ പങ്കെടുക്കുകയും മികച്ച വിജയം കരസ്ഥമാക്കുകയും ചെയ്തു. ബാലരാമപുരം സബ്ജില്ല സ്പോർട്സ് ആൻഡ് ഗെയിംസിൽ അത്ലറ്റിക്സിൽ ഹാട്രിക്കോടെ ഓവറോൾ കരസ്ഥമാക്കി. സീനിയർ വിഭാഗത്തിൽ സജന എസ് വ്യക്തിഗത ചാംപ്യൻ ആയി. തിരുവനന്തപുരം റവന്യൂ ജില്ലാ ഗെയിംസിൽ ആർച്ചറിയിൽ അഭിന ജവഹറിന് ഒന്നാം സ്ഥാനം. ഷട്ടിൽ ജൂനിയർ ഒന്നാം സ്ഥാനം (ജോമോൾ,ഷീബ, കാവ്യ) ഫെൻസിംഗ് രണ്ടാംസ്ഥാനം

(പ്രീതാസ്റ്റെബി) ഹാൻഡ്ബോളിൽ ഹർഷ ബി വിനോദിനും സിബിക്കും, സജ്നയ്ക്കും സോണൽ സെലക്ഷൻ , ഫുട്ബോളിൽ മൂന്നാം സ്ഥാനം, കബഡി മൂന്നാം സ്ഥാനം - സമീറ ക്ക് സോണൽ സെലക്ഷൻ ബേസ്ബോളിൽ രണ്ടാംസ്ഥാനം. സോഫ്റ്റ് ബോളിൽ രണ്ടാം സ്ഥാനം (ഹെനിൻ, രമ്യ . സഫീറാ. മൃദുല , നന്ദന. ശ്രീലക്ഷി . ആദിത്യ ബിജു ).

ഈ അദ്ധ്യയന വർഷം ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നെയ്യാറ്റിൻകര വിദ്യാഭ്യാസജില്ലയിലെ സ്കൂളുകളിലെ പെൺ കുട്ടികളുടെ ഫുട്ബോൾ ടീമുകളെ പങ്കെടുപ്പിച്ച് കൊണ്ട് ഇന്റർ സ്കൂൾ ഗേൾസ് ഫുട്ബോൾ ടൂർണമെന്റ് നടത്തി. ഉദ്ഘാടനം സന്തോഷ് ട്രോഫി പ്ലേയർ രാജേഷും സമാപനം സ്പോർട്സ് കൗൺസിൽ സെക്രട്ടറി സ്മിതയും നിർവഹിച്ചു. DFA സെക്രട്ടറി ജോസഫ് സാറും സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് സുധീർ സാറും ട്രോഫികൾ വിതരണം ചെയ്തു.




























അത്‌ലറ്റിക്സിൽ ഹാട്രിക്കോടെ ഓവറോൾ



ഹാൻഡ്ബോൾ ടീം

ബേസ് ബോൾ / സോഫ്റ്റ്ബോൾ ടീം



## കിളികൊഞ്ചൽ

കുട്ടികളുടെ കലാ സാഹിത്യവാസനകൾ പ്രോത്സാഹിപ്പിക്കാനും പൊതു വിജ്ഞാനം വർധിപ്പിക്കാനും ഉദ്ദേശിച്ച് നടത്തിവരുന്ന പരിപാടിയാണ് ഇത്.

എല്ലാ ദിവസവും ഉച്ചയ്ക്കുള്ള ഇടവേളകളിൽ ഓരോ ക്ലാസിലെ കുട്ടികൾക്കും അവർ ആലോചിച്ച നടപ്പിലാക്കുന്ന പരിപാടി അവതരിപ്പിക്കാൻ അവസരം നൽകുന്നു.

പരമാവധി കുട്ടികൾക്ക് അവസരം ലഭിക്കാനായി ക്ലാസ് ടീച്ചറിന്റെ നേതൃത്വത്തിൽ ക്ലാസ് അടിസ്ഥാനത്തിൽ ഈ പ്രോഗ്രാം നടത്തുന്നു.

“ഇന്നത്തെ ചോദ്യം" എന്ന പരിപാടിയിൽ എല്ലാ ദിവസവും ഒരു ചോദ്യം ചോദിക്കുകയും കുട്ടികൾ ഉത്തരം ഒരു പെട്ടിയിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. ശരിയായ ഉത്തരത്തിന് പ്രോത്സാഹന സമ്മാനം നൽകുന്നു.

# പൂർവ്വ വിദ്യാർത്ഥി സംഘടന – സതീർത്ഥ്യം

പൂർവ്വ വിദ്യാർത്ഥിനികൾക്ക് വിദ്യാലയവുമായുള്ള ആത്മബന്ധം നിലനിർത്തുവാനും വിദ്യാലയത്തിന്റെ യശസ്സിനുവേണ്ടി എല്ലാ മേഖലകളിലും പ്രവർത്തിക്കുവാനും ഈ സംഘടന ശ്രമിക്കുന്നു. ഓരോ വർഷവും പൊതുയോഗം ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുക്കുന്നു.



# ലിറ്റിൽകൈറ്റ്സ്


കുട്ടികളെ വിവര വനിമയ സാങ്കേതിക മികവിലേയ്ക്ക് കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ 2018 ജനുവരിയിൽ നടപ്പിലാക്കിയ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്. എൽ.കെ/2018/44049 എന്ന യൂണിറ്റ് നമ്പറോട് കൂടി ഇവിടെ ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ് പ്രവർത്തിച്ചുവരുന്നു അദ്ധ്യാപകരായ രഞ്ജിത്കുമാറും സുരാഗിയും കൈറ്റ് മാസ്റ്ററും മിസ്ട്രസ്സുമായി പ്രവർത്തിക്കുന്നു. പ്രത്യേക അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിലാണ് അംഗങ്ങളെ തെരഞ്ഞെടുത്തത്.

ഗ്രാഫിക്സ്, ആനിമേഷൻ, മലയാളം കമ്പ്യൂട്ടിംഗ്, ഇന്റർനെറ്റ്, സ്ക്രാച്ച്, മൊബൈൽ ആപ്പ്, പൈത്തൺ, ഇലക്ട്രോണിക്സ്, രോബോട്ടിക്സ്,ഹാർഡ്‌വെയർ എന്നീ മേഖലകളിൽ പരിശീലനം നൽകുന്നതോടൊപ്പം ന്യൂസ്, വീഡിയോ, ഡോക്യുമെന്ററി, ഡോക്യുമെന്റേഷൻ എന്നിവ തയ്യാറാക്കുന്നതിനും ക്യാമറ കൈകാര്യം ചെയ്യാനും പ്രാപ്തരാക്കുന്നു. ആദ്യ ബാച്ച് "നിലാവ് "എന്ന ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിച്ചു. "വിഷരഹിത പച്ചക്കറി കൃഷിയുടെ വിജയഗാഥയുമായ് " എന്ന പേരിൽ ഡോക്യുമെന്ററിയും നിർമ്മിച്ചു.

സബ്ജില്ല, ജില്ല ശ്സ്ത്രമേളകളിലും മികച്ച പ്രകടനം കാഴ്ചവെക്കുവാൻ ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾക്ക് സാധിച്ചു. ജില്ലാ ശാസ്ത്രമേളയിൽ സ്ക്രാച്ചിന് 9-ാം ക്ലാസ്സിലെ ബിസ്മി എസ്. ബി എ ഗ്രേഡ് കരസ്ഥമാക്കി.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പരിശീലനത്തിൽ







One Day Camp

Preliminary Camp










Expert class











Participation in Exhibition -CENTEX 2019







Industrial Visit - Chitranjali Studio








# ഡിജിറ്റൽ പൂക്കളം

അമ്മേ ഇന്ന സ്കൂളിൽ ഡിജിറ്റൽ പൂക്കളമത്സരമുണ്ട്. നന്നായി ചെയ്യാൻ എനിക്ക് കഴിയണമെങ്കിൽ അമ്മയുടെ പ്രാർത്ഥന കൂടി വേണം. അടുക്കള ജോലിയിൽ മുഴികിയിരുന്ന മാലിനി മകളെ മെല്ലെ തിരിഞ്ഞു നോക്കി ചോദിച്ചു എന്താ കുട്ടി നീ ഈ പറയണേ. ഡിജിറ്റിൽ പൂക്കളമോ അത് എന്ത് പൂക്കളം ,അത്തപ്പൂക്കളമല്ലേ കുട്ടി. അയ്യോ ഈ അമ്മയ്ക്ക് ഒന്നും അറിയില്ല .ഇതേ തറയിൽ സാധാരണ പൂക്കൾ ഉപയോഗിച്ച് ഇടുന്ന അത്തപൂക്കളമല്ല കമ്പ്യൂട്ടറിൽ മൗസിന്റെ സഹായത്തോടെ ഒരു ഡിസൈൻ ആദ്യം സെലക്ട് ചെയ്യും എന്നിട്ട് അതിൽ പൂവ് നിറയ്ക്കും. വരയ്ക്ക് വെളിയിൽ പോകാതെ പൂക്കൾ നിറയ്ക്കണമെങ്കിൽ മൗസിൽ നല്ല കൺട്രോൾ വേണം അതാ എനിക്ക് ഒരു പേടി .മികച്ച പൂക്കളത്തിന് സമ്മാനവുമുണ്ട് അമ്മേ. എന്റെ കുട്ടിയ്ക്ക് അമ്മയുടെ പ്രാർഥന എപ്പോഴും ഉണ്ടാകും സന്തോഷമായി പൊയ്ക്കോളൂ.തുള്ളിചാടി സ്കൂളിലേക്ക് പോകുന്ന മകളെ നോക്കി നിന്നു. മാലിനിയുടെ ചിന്തകൾ മുപ്പതുകൊല്ലം പിന്നിലേക്ക് കൂടി കൊണ്ടുപോകുകയായിരുന്നു. പെറ്റികോട്ടുമിട്ട് വീടായ വീടുതോറും പൂവിറക്കാൻ നടന്നത്, മണ്ണ് കുഴച്ച് അത്തപ്പൂത്തട്ട് പണിതത്, തൃക്കാകര അപ്പന്റെ രൂപം മണ്ണിൽ പിടിച്ച് വച്ചത്, പത്തു ദിവസം വിവിധ രൂപത്തിൽ പൂക്കളമിടാനുള്ള പൂവ് തേടി പോയത്. വയലറ്റ് നിറത്തിലുള്ള കദളിപ്പൂവും മഞ്ഞനിറത്തിലുള്ള കോളാമ്പിപ്പൂവും താഴമ്പൂവും ഓറഞ്ചും ചുവപ്പും നിറത്തിലുള്ള കമ്മൽ പൂവും തൂവെള്ള നിറത്തിലുള്ള തുമ്പപ്പൂവും പാരിജാതവും നന്ത്യാർവട്ടവുമൊക്കെ അവളുടെ മുന്നിൽ ചിരിതൂകിനിന്നു. പാവം എന്റെ കുട്ടി. അവൾക്ക് ഇതൊക്കെയറിയമോ ആവോ? നാട്ടിൻ പുറത്തെ ഇത്തിരി മണ്ണ് വിറ്റ് നഗരത്തിൽ കുടിയേറിയ ശേഷം ജനിച്ച മകൾക്ക് അത്തപ്പൂക്കളവും തുമ്പിതുള്ളലും പൂവിറുക്കലുമെല്ലാം ടിവിയിലെ ഓണപ്പരിപാടികൾ മാത്രം. മണ്ണ് മെഴുകി നാടൻപൂക്കളുപയോഗിച്ചിട്ട അത്തപ്പൂക്കളം പോലും മാറിപ്പോയിരിക്കുന്നു. എല്ലാം ഡിജിറ്റലാക്കിയ ഈ യുഗത്തിൽ പൂക്കളം ഡിജറ്റലായതിൽ എന്തേ ഇത്ര വിഷമിക്കാൻ . ഗൃഹാതുരത്വം ഉണർത്തുന്ന ചിന്തകൾക്ക് വിരാമമായത് എന്താടീ രാവിലെ ദിവാസ്വപ്നം കണ്ടു നിൽക്കുന്നത്, ഇന്ന് എനിക്ക് ഒരു വീഡിയോ കോൺഫ്രൻസുണ്ടെന്നു പറഞ്ഞില്ലേ, സമയത്തിന് എത്തേണ്ടേ എന്ന

ഭർത്താവിൻെറ ചോദ്യമാണ്. മോഡേൺ യുഗത്തിന് ചേരാത്ത ചിന്തകളെ പഴിചാരി വീണ്ടും അവൾ അടുക്കളത്തിരക്കിലേക്ക്.......

അദ്ധ്യാപിക









# ഓണാഘോഷം - ഒരു നേർക്കാഴ്ച











# മികവുകൾ




മാലിന്യ സംസ്ക്കരണ സന്ദേശവുമായി വിദ്യാർത്ഥികൾ സമൂഹത്തിലേക്ക്

അന്വേഷണാത്മക ഗവേഷണ പ്രോജക്ടിൽ സംസ്ഥാന തലത്തിൽ പങ്കെടുത്ത് A Grade നേടിയ ലിറ്റിൽ കൈറ്റ്സ് ശാസ്ത്ര പ്രതിഭകൾ



ശാസ്ത്ര നാടകം റവന്യൂ ജില്ലാ A grade മൂന്നാം സ്ഥാനം

# എന്റെ സ്വപ്നങ്ങളിലെ ഭാരതം

ഭാരതം അതിന്റെ വൈവിധ്യവും സമൃദ്ധിയും കൊണ്ട് വളരെ പ്രശസ്തമാണ്. വിവിധ മത-ജാതിയിലുള്ള ആളുകൾ ഐക്യത്തോടെ ജീവിക്കുന്ന എന്നതാണ് ഭാരതത്തിനെ മറ്റുള്ള രാഷ്ട്രങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത്.ഇന്ന് ഭാരതം എല്ലാ മേഖലകളിലും മുന്നേറിക്കൊണ്ടിരിക്കുകയാണ്. നൂറ്റിയറുപത് വർഷങ്ങൾക്ക് മുൻപ് ബ്രിട്ടീഷുകാർ നമ്മുടെ ഭാരതത്തിനെ നശിപ്പിച്ചു. പക്ഷേ സ്വതന്ത്ര ഭാരതത്തിൽ ഇന്ന് അനേകം മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു.

ഭാരതം ജനസംഖ്യയിൽ ഇന്ന് രണ്ടാം സ്ഥാനത്താണ്. ശാസ്ത്ര സാങ്കേതിക മേഖലകളിലും ഭാരതം അസാധ്യ നേട്ടങ്ങളാണ് കൈവരിച്ചുകൊണ്ടിരിക്കുന്നത്. അത് ഭാരതത്തെ ലോകരാഷ്ട്രങ്ങൾക്കിടയിൽ പ്രശസ്തമാക്കിയിരിക്കുന്നു. നമ്മുടെ ഭാരതത്തെ സ്വതന്ത്രമാക്കുന്നതിൽ അനേകം സ്വാതന്ത്ര്യസമരസേനാനികളുടെ കഷ്ടപ്പാടുണ്ട്. അവർ ചെയ്ത അഥവാ അനുഭവിച്ച കഷ്ടതകളുടെ ഫലമായാണ് നമുക്ക് നമ്മുടെ ഇഷ്ടത്തിനനുസരിച്ച് എന്തും ചെയ്യാൻ സാധിക്കുന്നത്. ഇല്ലായിരിന്നുവെങ്കിൽ നമ്മൾ അടിച്ചമർത്തപ്പെട്ട ഒരു ജനത ആയി മാറുമായിരുന്ന .എന്നാൽ ഇന്നും ഇവിടെ അനേകം പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഇതിനൊരു പരിഹാരവും നാം തന്നെ കണ്ടെത്തണം .

എന്റെ സ്വപ്നത്തിലെ ഭാരതത്തിലെ എല്ലാ മനുഷ്യരും സ്നേഹത്തോടെയും സന്തോഷത്തോടെയും ജീവിക്കണം. എല്ലാവർക്കും പരസ്പരം സ്നേഹവും ബഹുമാനവും ഉണ്ടാകണം. ഓരോരുത്തരുടെയും പ്രവൃത്തിയിലോ വിചാരങ്ങളിലോ പോലും ജാതി-മത വിവേചനം ഉണ്ടാവാൻ പാടില്ല. എല്ലാ ഭാരതീയരും നമ്മുടെ സ്വന്തം ആണെന്ന് നമ്മൾ കരുതണം . മറ്റുള്ളവരുടെ സുഖത്തിലും ദുഃഖത്തിലും നമ്മൾ പങ്കുചേരാൻ ശ്രമിക്കണം .എല്ലാവരും സുഖത്തോടെയും സമാധാനത്തോടെയും ജീവിക്കണം യാതൊരു വിധ ഭീതിയും സംശയവും മറ്റുള്ളവരെ കുറിച്ച് ഉണ്ടാകരുത്. ഇന്നത്തെ സമൂഹം നേരിടുന്ന വലിയ ഒരു പ്രശ്നമാണ് സ്ത്രീകളുടെ സുരക്ഷയില്ലായ്മ. അനേകം സ്ത്രീകൾ അക്രമങ്ങൾക്ക് ഇരയായിട്ടുണ്ട് അവർക്ക് എന്നാണോ സ്വതന്ത്രമായി സഞ്ചരിക്കാൻ കഴിയുന്നത് അപ്പോഴാണ് നമ്മുടെ രാജ്യത്തിന് യഥാർഥ സ്വാതന്ത്ര്യം ലഭിക്കുന്നത്. പെൺകുട്ടികളെയും ആൺകുട്ടികളെയും ഒരുപോലെ

സംരക്ഷിക്കണം. പെൺകുട്ടികളെ പഠിപ്പിക്കാനും നല്ലൊരു ഉദ്യോഗം നേടാനും സഹായിക്കണം. സ്ത്രീശാക്തീകരണത്തിലൂടെ നമ്മുടെ രാജ്യത്തിന് അനേകം നേട്ടങ്ങൾ കൈവരിക്കാനാകും. സ്ത്രീശാക്തീകരണം ഒരു രാജ്യത്തിൻെറ പുരോഗതിയുടെ അഭിവാജ്യ ഘടകമാണ്. എല്ലാ യുവാക്കളും നിർബന്ധമായി തൊഴിലിനു പോകണം. ഇതിലൂടെ സാമ്പത്തിക പ്രതിസന്ധി കുറയ്ക്കാനും രാജ്യത്തിൻെറ വരുമാനം ഉയർത്താനും സാധിക്കും. സ്ത്രീകളെ ബഹുമാനിക്കാനും സംരക്ഷിക്കാനും ആൺകുട്ടികളെ ചെറുപ്പം മുതലേ തന്നെ പഠിപ്പിക്കണം. എല്ലാവരും അവരുടെ വീടുകളിൽ ചെറിയ തോട്ടങ്ങൾ ഉണ്ടാക്കണം. അതിലൂടെ വിഷരഹിത പച്ചക്കറികൾ ഉണ്ടാക്കാൻ സാധിക്കും. ഇപ്പോൾ ശാസ്ത്രസാങ്കേതികതയുടെ വളർച്ചയാണ്. ഇതിൽ പരിശീലനം നേടുന്നതിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉറപ്പാക്കാൻ കഴിയും. അതിനാൽ വിദ്യാഭ്യാസം വളരെ പ്രാധാന്യമേറിയതാണ്. അസമത്വമില്ലായ്മ മറ്റൊരു പ്രധാന ഘടകമാണ്. എല്ലാവരെയും സമമായി കാണുക.നമ്മുടെ ഉള്ളിൽ താൻ വലിയവനാണ് അല്ലെങ്കിൽ ചെറിയവനാണ് എന്ന ഭാവം ഉണ്ടാവരുത്. ഭാരതത്തിൻെറ സമൃദ്ധിക്കും വൈവിധ്യത്തിനും ഒരു കളങ്കവുമേർപ്പെടുത്താത്ത രീതിയിലീണ് നാം ഓരോ പ്രവൃത്തിയും ചെയ്യേണ്ടത്. നാം നമ്മുടെ രാജ്യത്തെ സ്നേഹിക്കുകയും ചെയ്യണം. ഭാരതം എന്ന് കേൾക്കുമ്പോൾ തന്നെ ഓരോ ഭാരതീയരും അഭിമാനമുണ്ടാകണം. ഇതിലെല്ലാം കൂടെ നമുക്ക് നമ്മുടെ ഭാരതത്തെ അതിന്റെ സമൃദ്ധിയിലും സന്തോഷത്തിലും നിലനിർത്താനാകും.

# പ്ലാസ്റ്റിക് എന്ന വില്ലൻ

ഇവിടെയുണ്ടായിരുന്നേതോ ഒരു നാളിൽ മരതകപ്പട്ടുപോലുള്ള ഭൂമി
ഇവിടെയുണ്ടായിരുന്നേതോ ഒരുനാളിൽ വറ്റാത്ത നീരിന്നുറവിടങ്ങൾ.
കാട്ടാള വൃത്തിയെപ്പോലും കടക്കുന്ന നാട്ടാളനൊക്കെത്തകർത്തുവല്ലോ
മണ്ണിനെ ക്കൊല്ലും മഹാവിഷകാരികൾ മണ്ണിലേക്കങ്ങനെയിട്ടുവല്ലോ
പ്ലാസ്റ്റിക്കുപോലുള്ള ഭീകരവസ്തുക്കൾ ഇന്നിവിടെങ്ങും കുറിഞ്ഞുകൂടി.
വേരോട്ടമെല്ലാം നിലച്ചുപോയ് വൃക്ഷങ്ങളൊക്കെ കരിയാൻ തുടങ്ങിയല്ലോ

പ്ലാസ്റ്റിക്കുകൊണ്ടു നശിക്കുകയാണിതാ അമ്മയാം ഭൂമി തൻ ചേതനകൾ.
വെള്ളവുംവായുവുംമണ്ണുംനശിച്ചുപോയ്മർത്ത്യജന്മംഅതിദുഷ്കരമായ്
മണ്ണിനെത്തിനുംപ്രകൃതിയെക്കൊല്ലുമാവില്ലനവൻപേരുപ്ലാസ്റ്റിക്.
പ്ലാസ്റ്റിക്കിനുപയോഗമില്ലാത്തൊരാ പുത്തൻ നാടിനായൊന്നിച്ചു നീങ്ങാം.




# കാത്തിരിപ്പ്

കാർകൊണ്ടലിന്നാത്മനൊമ്പരങ്ങളിതാ
പുതുമഴയായ് പതിയ്ക്കുന്നീ ഉർച്ചിതൻ
മുകിലിനെ സ്നേഹിച്ച ഭൂമി തൻ
കാത്തിരിപ്പിന്നവസാനമാണീ മഴ
മുകിലിൻെ്റ വിരഹം മഴയായൊഴുകി,
മണ്ണിൻെ്റ വിരഹതാപവുമൊഴിഞ്ഞു
ഭൈമീ കാമുകനാം മുകിലിൻ സാന്നിദ്ധ്യം
ഭൂവിൽ വസന്തത്തിനും കാരണമായീ.
പക്ഷെ,എന്നാത്മ നൊമ്പരങ്ങളകറ്റുവാൻ
മനമുണ്ടാമോ, ആർക്കെങ്കിലുമെന്നെങ്കിലും
മഴ തൻ സംഗമത്താൽ പുളകിതയാം
ഭൂമി ജന്മം നൽകിയോരാ പുൽക്കൊടികൾ
തൻ പുഞ്ചിരി നിറയ്ക്കുന്നു എന്നാത്മാ-
വിന്നുൾത്തളങ്ങളെ;അഴലുകളകറ്റുന്നു
മനം നിറയുന്നേവർക്കും ഈ സുന്ദരസംഗമം
കാണുകിൽ, ഈ അസുലഭ സുന്ദര
മുഹൂർത്തം കാണുകിൽ!
വിരഹത്താൽ തപിച്ചൊരാ ഭൂമിയെ
നനയ്ക്കുവാൻ കൊണ്ട് എത്തി ; പക്ഷെ-
യെന്നാത്മസന്താപങ്ങളറിയുവാൻ മനസ്സിൽ
വരണ്ട പാടങ്ങളെ നനയ്ക്കുവാൻ

വന്നിലാരുമിതുവരെ;ജലാർദ്ര-

മായൊരു മിഴികളാൽ കാത്തി-

രിക്കുന്നു ഞാനെന്റെ മഴയെ

തുടരും ഞാനാ കാത്തിരിപ്പ്,എൻ

ജന്മമീഭൂവിൽ നീറിയൊടുങ്ങും വരെ!

ഭവ്യ ശിവൻ
10 A

# എന്റെ അമ്മ

വിശ്വ പ്രകൃതിതൻ സത്യത്തിൻ
ആദ്യമായി ഞാൻ കല്പന്നിട്ടുമ്പോൾ
വിശിഷ്യയാം അമ്മതൻ സ്നേഹ
പാശമാം വലയത്തിൽ
അറിവിന്റെ
ലോകം കൺതുറന്ന
സത്യമേത് മിഥ്യയേതെന്ന്
തിരിച്ചറിയാൻ
സർവോപരിയാം  അമ്മതൻ ആശ്രയം
മനസിന്റെ താക്കോൽ പഴുതിലൂടെ
വാക്യങ്ങൾ നന്മയിലേക്ക് നയിച്ചിടാൻ
തെലൊരു ത്ര് ണകത്തെ
സൂചിപ്പിക്കാനും
അമ്മതൻ സാനിധ്യംതണലേകി
പ്രകൃതിതൻ മന്ദരഭാവങ്ങക്കെതിരെ
ജ്ഞാനമാം അമ്മ ആർഭവിക്കുന്ന
സ്നേഹത്തിൻ നാമ്പുകൾ മൊട്ടിട്ട്
സൗന്ദര്യ ശ്രീയാം അമ്മ
അരികിലെത്തും
എന്നുമെൻ മനസ്സിൽ ഗുരുതുല്യനായ്
മനസ്സിലെ സങ്കൽപ്പദേവതയായി
നിലകൊള്ളുന്ന എന്റെ അമ്മ
അറിവായ് അറിവിൻ ദേവതയായ്
എന്നുമെൻ മനസ്സിൽ അമ്മ മാത്രം....

കീർത്തന കെ

# എന്റെ കായിക ജീവിത യാത്ര

നൂറു വയസ്സ് തികഞ്ഞ് നിൽക്കുന്ന ഈ വിദ്യാലയ മുത്തശ്ശിയുടെ ഒരു ഭാഗമായി നിൽക്കാൻ കഴിഞ്ഞതിൽ ഞാൻ ശിരസ്സാ നമിക്കുന്നു എന്റെ ഗുരുക്കന്മാരെയും മാനേജ്മെന്റിനേയും

എന്റെ കായികയാത്ര 1983-84-ൽ ഞാൻ അഞ്ചാം സ്റ്റാൻഡേർഡിൽ ഈ വിദ്യായലത്തിൽ എത്തി അപ്പോഴാണ് സ്കൂളിൽ കായികമേള ആരംഭിച്ചത് ഞാൻ ഹൈജംപിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി എന്റെ കായിക ജീവിതയാത്രയുടെ തുടക്കം എന്റെ കഴിവിനെ തിരിച്ചറിഞ്ഞത് അഭിവന്ദ്യ ഗുരുവായ കമലഭായി ടീച്ചറാണ് അന്ന്മുതൽ ഇന്ന് വരെ ഞാൻ എന്തൊക്കെ നേടിയോ അതിന്റെ പിന്നിൽ എന്റെ ടീച്ചറിന്റെ നല്ല ഉപദേശങ്ങളും പ്രാർത്ഥനയുമാണ് 1998-99-ൽ ടീച്ചർ ഓവർ ചാംപ്യൻഷിപ്പ് വാങ്ങി എന്നെ ഏൽപ്പിച്ച കപ്പ് 20 വർഷമായി നമ്മുടെ കുട്ടികൾ കാത്ത്സൂക്ഷിക്കുന്നു ഈ വർഷം ഹാട്രിക്ക് ഒവറോൾ നേടികൊണ്ട് 3 ഹാട്രിക്ക് ഉൾപ്പെടെ 15 തവണ ഓവറോൾ നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലും പിന്നീട് ബാലരാമപുരം ജില്ലയിലും തുടർന്ന് കൊണ്ടിരിക്കുന്നു സ്കൂൾ കാലഘട്ടത്തിൽ ഞാൻ നാല് തവണ സംസ്ഥാന സ്കൂൾ കായികമേളയിൽ പ  ടുത്തു 1985-1988 വരെ എനിക്ക് നേട്ൻ കഴിയാത്തത് 1998-2020 വരെ ഞാൻ എന്റെ കുട്ടികളിലൂടെ നേടികൊണ്ടിരിക്കുന്നു 1998 ൽസംസ്ഥാന സ്കൂൾമേളയിൽ ബ്രോൺസ് 1999 ൽ സിൽവർ 2000 ൽഗോൾഡ് അങ്ങനെ ഇന്ന് വരെ 3 പേർ ദേശീയ സ്കൂൾ കായികമേളയിലും 13 കുട്ടികൾ സംസ്ഥാന സ്കൂൾ കായികമേളയിലും മെഡൽ നേടുകയുണ്ടായി അത് ലറ്റിക്ക്സ് കൂടാതെ 9 ഓളം ഗെയിംസുകളിൽ കുട്ടികൾ മത്സരിച്ച് എല്ലാവർഷവും സംസ്ഥാന തലത്തിൽ മെഡൽ വാങ്ങി വന്നു

കായികരംഗത്ത് വരുന്ന കുട്ടികൾ അധികവും സാമ്പത്തികമായി പിന്നോക്കവും എന്നാൽ ശാരീരിക ക്ഷമതയുള്ള കുട്ടികളുമാണ് എന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് മത്സരങ്ങൾ എന്നതിലുപരി എല്ലാ കുട്ടികളെയും വിവിധ കളികളിലൂടെ കായിക ക്ഷമതയുള്ള കുട്ടികളാക്കി മാറ്റാനാണ് ഞാൻ

ശ്രമിക്കുന്നത് ഈ 100-ാം വാർഷികത്തിൽ നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളിലെ പെൺ കുട്ടികളെ പങ്കെടുപ്പിച്ച് കൊണ്ട്നടന്ന(centenary girls soccer game 2020)എന്ന ഫുട്ബോൾ മത്സരം സംഘടിപ്പിച്ചതാണ് എന്റെ ജീവിതത്തിലെ മറക്കാനാകാത്ത അനുഭവം ഇന്ന് 40 ഓളം കുട്ടികൾ ഫുട്ബോൾ കളിക്കുന്നു

സർക്കാരിന്റെ കിക്ക് ഓഫ് എന്ന പ്രോഗ്രാമിൽ 5th സ്റ്റാൻഡേർഡിൽ 5 കുട്ടികൾക്ക് 400 ഓളം പേരിൽനിന്നും 50 പേരിൽ നിന്നും ഫൈനൽസെലക്ഷനിൽ 25 പേരെ എടുത്തപ്പോൾ അതിൽ 1st റാങ്കും7th,8th ,12th പൊസിഷനുകൾ നമ്മുടെ കൊച്ചുമിടുക്കികൾ കരസ്ഥമാക്കി

കുട്ടികളുടെ കഴിവ് അനുസരിച്ച് ഓരോ വിഭാഗത്തിലും കുട്ടികളെ തിരിച്ച് വിടാൻ കഴിയുന്നുണ്ട് കഴിഞ്ഞ 20 വർഷങ്ങളായി ഞാൻ നിലനിർത്തിവരുന്ന കായിക നേട്ടങ്ങൾ തുടർന്ന് കൈവരിക്കാൻ കഴിയണേയെന്ന പ്രാത്ഥനയോടെ എന്റെ കായിക യാത്ര അവിരാമം തുടരട്ടെ .......

സിന്ധു. പി. എൽ

ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപിക

# വിദ്യാലയം

അറിവിന്റെ വാതിലിൽ ഞാൻ മുട്ടുമ്പോൾ
അറിലവന്ന വിളക്ക് പകർന്നിടുന്ന
അറിവിന്റെ നിറകുടമാണെന്റെ വിദ്യാലയം
അറിവിന്റെ വീഥിയിലൂടെനടത്തി
അറവാകുന്ന നന്മയിൽ വളർത്തി
അറിവിന്റ നിറസാനിധ്യമാണെൻ വിദ്യാലയം
പിച്ചവച്ച നാൾ മുതൽ
അമ്മയെന്നും അചഛനെന്നും
എഴുതാൻ പഠിപ്പിച്ച അറിവിന്റെ
നിറകുമ്പാരമാണെൻ വിദ്യാലയം
നൂറിന്റെ നിറവിൽ ശോഭയോടെ
കത്തുന്ന അറിവിന്റെ നിറസാന്നിധ്യവും
നന്മയുടെ നിറകുടവും
വിദ്യ എന്ന വെളിച്ചവും
പകർത്തുന്നതാണെൻ വിദ്യാലയം
സ്നേഹത്തിന്റെ വീഥിയിലൂടെ വളർത്തി
വെറുപ്പെന്ന ശത്രുവിനെ അകറ്റി
വിദ്യ എന്ന വെളിച്ചം പകർത്തുന്നതാണെൻ വിദ്യാലയം
നൂറിന്റെ നിറവിൽ ശോഭയോടെ കത്തുന്ന മുത്തശ്ശിയാണെൻ വിദ്യാലയം

**അമിത.എ.എസ്**
**9A**

സംസ്ഥാന തല പ്രവർത്തി പരിചയ  മേളയിൽ എംബ്രോയ്ഡറിയിൽ തുടർച്ചയായി രണ്ടാം വർഷവും A ഗ്രേഡ് കരസ്ഥമാക്കിയ ബഹുമുഖ പ്രതിഭ – **വിജീഷ. എ. എസ്.**











# നൂറിന്റെ നിറവിൽ എന്റെ വിദ്യാലയം

100 ന്റെ നിറവിൽ മുത്തശ്ശിയായൊരു
നമ്മുടെ വിദ്യാലയം
അറിവിന്റെ അരങ്ങും നിറവിന്റെ നിറവും
നിറഞ്ഞൊരു വിദ്യാലയം
നമ്മുടെ വിദ്യാലയം
വെങ്ങാനൂർ വിദ്യാലയം
കലയുംകായികവും കലാകാരികളും
നിറഞ്ഞൊരു വിദ്യാലയം
പഠനത്തിനൊപ്പം കാർഷികം നിറഞ്ഞ
നമ്മുടെ വിദ്യാലയം
100 ന്റെ നിറവിൽ മുത്തശ്ശിയായൊരു
നമ്മുടെ വിദ്യാലയം
അറിവിന്റെ അരങ്ങും നിറവിന്റെ നിറവും
നിറഞ്ഞൊരു വിദ്യാലയം
നമ്മുടെ വിദ്യാലയം
വെങ്ങാനൂർ വിദ്യാലയം

സാജിയ ആർ എസ്
9A

# നീതിസാരം

പഴയ നീതി വ്യവസ്ഥയും സാരവുമാണ് ഇതിലെ ഉള്ളടക്കം . ഇന്നത്തെ തലമുറ നിർബന്ധമായും വായിച്ചിരിക്കേണ്ട കാര്യങ്ങളാണിതിൽ. ഏതാനും ചിലത് ഇവിടെ കുറിക്കുന്നു.

1 പക്ഷീണാം ബലമാകാശം മത്സ്യാനാമുദകം ബലം

ദുർബ്ബലസ്യ ബലം രാജാ ബാലാനാം രോദനം ബലം

-പക്ഷികൾക്ക് ബലം ആകാശവും, മത്സ്യങ്ങൾക്കു വെള്ളമുള്ള ദിക്കിൽ ബലം, ബലഹീനന്മാർക്കു രാജാവു ബലം, കുട്ടികൾക്കു കരച്ചിൻ ബലം എന്നറിക.

2 വസ്ത്രമുഖ്യമലങ്കാരം ഘൃതമുഖ്യന്തു ഭോജനം

ഗുണമുഖ്യന്തു നാരീണാം വിദ്യാ മുഖ്യസ്തു പണ്ഡിതഃ

അലങ്കാരത്തിനു മുഖ്യം വസ്ത്രം, ഭക്ഷണത്തിനു മുഖ്യം നെയ്യ്. സ്ത്രീക്കു മുഖ്യം ഗുണ ബുദ്ധി. പണ്ഡിതനു മുഖ്യം ആത്മവിദ്യയെന്നറിക .

3 ഉത്തമം കുശലം വിദ്യാ മദ്ധ്യമം കൃഷിവാണിഭം

അധമം സേവയാവൃത്തിർ വിഷമം ഭാരജീവനം

സംഗീത സാഹിത്യാദികൾ കൊണ്ടുള്ള ജീവനം ഉത്തമം. കൃഷി കച്ചവടം എന്നിവ ചെയ്തുള്ള ജീവിതം മദ്ധ്യമം സേവകവൃത്തി അധമം, ചുമടു ചുമന്നുള്ള ജീവിതം അധമാധമമെന്നറിക.

4 കാമധേനുസമാ വിദ്യാ സദൈവ ഫലദായിനീ

പ്രവാസേ മാതൃവത്തസ്മാത് വിദ്യാ ഗുപ്തധനം സ്മൃതം.

വിദ്യ കാമധേനുവിനെപ്പോലെ ഇച്ഛിച്ചതൊക്കെ തരും. വിശേഷിച്ച് ദൂരെ യാത്രയിങ്കൽ അമ്മയെപ്പോലെ സംരക്ഷിക്കും. അതുകൊണ്ടാണ് വിദ്യ നിധിപോലെ ഗൂഢമായിരിക്കുന്ന ധനമാകുന്നത് എന്നറിക.

5 കാകദൃഷ്ടി ബകധ്യാനം ശ്വാനനിദ്രാ തഥൈവ ച

അല്പാഹാരം ജീർണ്ണ വസ്ത്രമേതദ്വിദ്യാർത്ഥി ലക്ഷണം

കാക്കയെ പോലെ നോട്ടം, കൊക്കിനെ പോലെ ധ്യാനം, നായയെ പോലെ ഉറക്കം, അല്പമായ ആഹാരം, പഴയ വസ്ത്രം ഇവയാണ് വിദ്യാഭ്യാസകാലത്ത് വേണ്ടതെന്നറിക.

പ്രിയ.പി.എസ്

അദ്ധ്യാപിക

# ഭൂമിയുടെ ദുഖം

ഒരിക്കൽ ഞാനും ഇവിടുള്ള മൃഗങ്ങളും ജീവജാലങ്ങളും സന്തോഷമായി കഴിയുകയായിരുന്ന ആ സമയത്ത് മനുഷ്യർ ഭൂമിയിൽ ഇല്ലായിരുന്നു . അങ്ങനെ ഒരുനാൾ മനുഷ്യർ ഓരോരുത്തരായി എന്നിലേക്ക് വരാൻ തുടങ്ങി അവർ വന്നതോടെ ഞങ്ങളുടെ സന്തോഷം കൂടി അവർ എന്നെ സ്നേഹിച്ചു എല്ലാത്തിനെയും സ്നേഹിച്ചു കുറെ നാൾക്കു ശേഷം മനുഷ്യർ കൂടിയതു കാരണം അവർക്ക് താമസിക്കാൻ സ്ഥലമില്ലാതായി

അങ്ങനെ വന്നപ്പോൾ അവർ ഒരു മരം മുറിച്ചു അപ്പോൾ ഞാൻ വിചാരിച്ചു ഒരു മരമല്ലെ സാരമില്ല .

അവർ രണ്ട്കുന്ന് ഇടിച്ചു നിരത്തി അപ്പോഴും സാരമില്ല എന്ന് ഞാൻ പറഞ്ഞു പിന്നീടായപ്പോൾ അവർ ഓരോന്നായി നശിപ്പിച്ചു തുടങ്ങി . എനിക്ക് സങ്കടമായി. ഞാൻ അവർക്ക് എന്തൊരു തണൽ നൽകി പഴങ്ങൾ നൽകി ഞങ്ങൾ മേഘങ്ങളെ തടഞ്ഞു നിർത്തി അവർക്ക് മഴയും നൽകി എന്നിട്ടും അവർ ഞങ്ങളെ വെട്ടിനശിപ്പിച്ചു അവരുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. പുഴകൾ എന്നോട് പരാതി പറഞ്ഞു.

ഞങ്ങൾ അവർക്ക് കുടിക്കാൻ ശുദ്ധജലം നൽകുന്നു എന്നാൽ മനുഷ്യർ ഞങ്ങളെ മലിനമാക്കുന്നു. എല്ലാവരുടെയും പരാതി കേട്ടപ്പോൾ എനിക്കു വളരെ ദേഷ്യവും വിഷമവും തോന്നി എന്റെ മക്കളെ നശിപ്പിക്കുന്ന മനുഷ്യർക്ക് ഒരു പാഠം പഠിപ്പിച്ചു കൊടുക്കാൻ ഞാൻ പ്രളയമായും സുനാമിയായും വന്നു എന്നാൽ അവരുടെ പ്രവൃത്തി മാറിയതേയില്ല ഇപ്പോഴും അവരുടെ നശീകരണം തുടരുന്നു. പക്ഷേ മനുഷ്യരേ നിങ്ങൾ അറിയണം ഈ എന്നെ നശിപ്പിക്കുമ്പോൾ നിങ്ങൾ നിങ്ങളിലൂടെ നാശത്തെ വിളിച്ചുവരുത്തുകയാണെന്ന്. ഓർക്കുക പ്രകൃതി നശീകരണം അവസാനിപ്പിക്കു ഈ എന്നെ സംരക്ഷിക്കു.

# മനുഷ്യനുണ്ടോ മനുഷ്യത്വം

ദൈവത്തിൻെറ സൃഷ്ടികളിൽ ഏറ്റവും ചിന്തിക്കാൻ കഴിവുള്ളതും രണ്ടുകാലിൽ നിൽക്കാൻ കഴിവുള്ളതുമായ ഒരു ജീവി വർഗമാണ് മനുഷ്യൻ. പണ്ടു കാലത്തെ മനുഷ്യർ പ്രകൃതിയുമായി ഇണങ്ങി ജീവിച്ചിരുന്നവരാണ് സസ്യലതാദികളും മണ്ണും പക്ഷി മൃഗാദികളുമെല്ലാം അവരുടെ സുഹൃത്തുക്കളായിരുന്ന പണ്ടത്തെ ഗുഹചിത്രങ്ങളിൽ .

പ്പതിന്നും മറ്റു പല കഥകളിൽ നിന്നും നമ്മുക്ക് അതിനുള്ള തെളിവ് ലഭിച്ചിട്ടുണ്ട് എന്നാൽ ഇന്നത്തെ കാലത്തെ ജീവികൾക്ക് മനുഷ്യരെ ഭയന്ന് ജീവിക്കേണ്ട ഒരു അവസ്ഥയാണ് ഉള്ളത് . വികസനം എന്ന ഒറ്റ പേരിൽ മനുഷ്യൻ എത്രമാത്രം വൃക്ഷങ്ങളാണ് വെട്ടി നശിപ്പിച്ചത്. എത്രമാത്രം പുഴകളും കുന്നുകളുമാണ് മണ്ണിട്ടുനികത്തിയത് ഇതിലൂടെ എത്രമാത്രം ജീവജാലങ്ങളുടെ വാസസ്ഥാനമാണ് നഷ്ടമായത് . എന്നാൽ അവൻ അതൊന്നും ചിന്തിക്കുന്നില്ല ചുരുക്കത്തിൽ വികസനം എന്നതുകൊണ്ട് മനുഷ്യൻ ഉദ്ദേശിക്കുന്നത് മനുഷ്യൻ മാത്രം ബാക്കിയാവുന്ന ഒരു സങ്കൽപ്പമാണ്

എന്നാൽ മനുഷ്യന്റെ ഇത്തരം മനുഷ്യത്വ രഹിതമായ പ്രവൃത്തികൾ പ്രകൃതിയോട് മാത്രമല്ല മറിച്ച് സ്വന്തം വർഗ്ഗത്തോട് തന്നെ. ഇന്നത്തെ ദിനപത്രങ്ങളിൽ നിറഞ്ഞുനിൽക്കുന്ന വാർത്തകളിൽ പലതും മനുഷ്യന്റെ ഇത്തരം മനിഷ്യത്വമല്ലായ്മ ചൂണ്ടകാണിക്കുന്നവയാണ്. മകൻ അച്ഛനെയും അമ്മയെയും കൊന്നു അച്ഛൻ മക്കളെ കൊന്നു...... ഇങ്ങനെ എത്രയെത്ര വാർത്തകൾ നാം എന്നും കാണുകയും കേൾക്കുകയും ചെയ്യുന്നു. എത്രപേരാണ് കൊലപാതകങ്ങളിൽ പ്രതിയാകുന്നത് . ഇതിൽ നിന്നും ദൈവത്തിന്റെ ഉദാത്ത സൃഷ്ടികളായ മനുഷ്യൻ എപ്രകാരമാണ് തങ്ങൾക്ക് ദൈവം നൽകിയ ബുദ്ധിശക്തികൾ പ്രയോജനപ്പെടുത്തുന്നതെന്നു മനസ്സിലാക്കാം .

ദിനം പ്രതി വർദ്ധിച്ചു വരുന്ന വൃദ്ധസദനങ്ങളുടെ കാരണവും മറ്റൊന്നുമല്ല. തന്നെ ഇത്രയും വളർത്തി വലുതാക്കി തന്റെ തെറ്റുകളെല്ലാം ക്ഷമിച്ച് തന്റെ

ആവശ്യങ്ങൾ നിറവേറ്റിയ അച്ഛനമ്മമാരെ തെരുവോരങ്ങളിൽ വലിച്ചെറിയുന്ന മക്കൾ പിന്നെ ആരെ സ്നേഹിക്കാനാണ്. സ്വന്തം മാതാപിതാക്കളെ കൊല്ലാൻ മടിക്കാത്തവരാണ് ഇന്നത്തെ സമൂഹം

ഇന്നത്തെ സമൂഹം പൂർണമായും ഇങ്ങനെയല്ല ഇതിനിടയിൽ തന്റെ അചഛനമ്മമാരെ പ്രകൃതിയെ ജീവജാലങ്ങളെ സ്നേഹിക്കുന്ന ഒത്തരിപേർ ഈ ഭൂമിയിൽ ജീവിച്ചിരിപ്പുണ്ട് കാടിന്റെ സ്വന്തം മക്കൾ ആദിവാസികൾ എന്ന് നാം തള്ളി പറയുന്ന ഒരു പറ്റം ജനങ്ങൾ പരിഷ്കാരം തൊട്ടുതീണ്ടിയിട്ടില്ലാത്ത ഒരു സമൂഹം .എന്നാൽ പ്രകൃതി ഏറ്റവും അധികം സ്നേഹിക്കുന്നത് ഇവരെയാണ് ഇവർക്ക് ഒരുപാട് സഹായങ്ങൾ ചെയ്യാൻ ഇന്നത്തെ പരിഷ്കൃത ജനതയ്ക്ക് സാധിക്കും നമ്മുടെ സഹായം അവർക്ക് ആവശ്യമാണ്. എന്നാൽ അവിടെ നിന്നും പണം ലഭിക്കാതത് കാരണം ആദിവാസികളെ സഹായിക്കാൻ നമ്മുക്ക് സമയമില്ല ഇങ്ങനെ എല്ലാവരെയും കൊന്നൊടുക്കി എല്ലാവരെയും പിടിച്ചടക്കി ആധുനിക മനുഷ്യന്റെ ആ പ്രയാണം എങ്ങോട്ടാണ്? ഒരു പക്ഷേ, ഈ ചോദ്യത്തിന് ഉത്തരം പറയാൻ അവർക്ക് പോലും സാധിക്കില്ല . ഇത്തർപ്രദേശിലെ ഖോരക്ക്പൂരിൽ ഓക്സിജന്റെ അഭാവം മൂലം പിടഞ്ഞു മരിച്ച കുഞ്ഞുങ്ങൾ. അവർക്ക് വേണ്ടി ശബ്ദമുയർത്തിയത് എത്ര പേരാണ്?

എന്തിനും ഏതിനും ഹർത്താൽ വയ്ക്കുന്ന സമൂഹം . പശുക്കളെ കൊന്നു തിന്നുന്ന പേരിൽ എത്രപേരെയാണ് അടിച്ചു കോന്നത് .പശുക്കളെ കൊന്നപ്പോൾ വേദനിച്ച മനുഷ്യന് ആ പിഞ്ചു കുഞ്ഞുങ്ങളുടെ ദാരുണവസ്ഥ കണ്ടപ്പോഴെന്തേ വേദനിക്കാത്തത്.

ഇങ്ങനെ പ്രകൃതിയെയും മനുഷ്യനെയും ജീവജാലങ്ങളെ കൊന്ന്തിന്നുകൊണ്ട് നീളുന്ന പ്രയാണം എവിടെയാണ് അവസാനിക്കുന്നത്. എന്നാൽ ഇതിനെല്ലാം ഒരു തിരിച്ചടി പ്രതീക്ഷിക്കണം.

ശ്രീന്ദന.എസ്

പ്ലസ് വൺ

# രാമായണത്തിലെ ചൊല്ലുകൾ

1. താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
   താന്താൻ അനുഭവിച്ചീടുകെന്നേ വരൂ
2. ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
   വേഗേന നഷ്ടമായുസ്സുമോർക്ക നീ
3. ലക്ഷ്മിയും അസ്ഥിരമല്ലോ മനുഷ്യർക്കു
   നിൽക്കുമോ യൗവനവും പുനരധ്രുവം
4. പൂർവ്വ ജന്മാർജിത കർമ്മമത്രേ ഭൂമി
   സർവലോകർക്കും സുഖദുഃഖകാരണം
5. ഇഷ്ടം പറയുന്ന ബന്ധുക്കളാരുമേ
   കഷ്ട്കാലത്തിങ്കലില്ലെന്ന നിർണ്ണയം
6. ഇന്ദ്രീയങ്ങൾക്ക് വശനായിരിപ്പവ-
   നെന്നുമാപത്തൊഴിഞ്ഞില്ലെന്നു നിർണ്ണയം
7. പുത്രമിത്രാർത്ഥ കളത്രാദിസംഗമ
   മെത്രയുമൽപ്പ കാൽസ്ഥിതമോർക്കനീ
8. രാഗാദി സങ്കുലമായുള്ള സംസാര-
9. മാകെ നിരുപിക്കിൽ സ്വപ്ന തുല്യം സഖേ
10. ഞാനെന്ന ഭാവമതിങ്കലുണ്ടായ് വരും
11. ജ്ഞാനമില്ലാത്ത ജനങ്ങൾക്കതോർക്ക നീ
12. ഭക്തി കൈകൊണ്ട് ചെയ്യുന്ന മനുഷ്യനു
    മുക്തി ലഭിക്കുമതിനില്ല സംശയം.

പ്രിയ പി എസ്
അദ്ധ്യാപിക

# അറബിക്

## اللغة العربية

اللغة فكر ناطق، والتفكير لغة صامتة. واللغة من
معجزة الفكر الكبرى. إن للغة فيها جوهرية كبرى
في كل أمة فإنها الأداة التي تحمل الأفكار، وتنقل
المفاهيم فتقيم بذلك روابط الاتصال بين أبناء
الأمة الواحدة، وبها يتم التقارب والتشابه و
الانسجام بينهم. اللغة - عند العرب - معجزة الله
الكبرى في كتابه المجيد. لقد حمل العرب الإسلام
إلى العالم، وحملوا معه لغة القرآن العربية و
استعربت شعوب غرب آسيا وشمال إفريقيا با
الإسلام. فتركت لغاتها الأولى وآثرت لغة القرآن،
أي أن حبهم للإسلام هو الذي عربهم، فصاروا
دينا إلى دين، وتركوا لغة إلى أخرى. لقد شارك
الأعاجم الذين دخلوا الإسلام في شرح قواعد العر
بية - وآدابها الآخرين فكانوا علماء النحو والصرف
والبلاغة بفنونها ثلاثة: المعاني، والبيان، والبديع

അദ്ധ്യാപിക

# ഹിന്ദി

## प्यार्

अब कम होते हैं प्यार् की बूंदें
हम लोगों के बीचों में
आपस में लडते हैं हम
जाति, धर्म आदि के नाम में ।
प्यार करो तुम प्यार करो
भाई बहनों की तरह प्यार करो।

अन्जना वि ऍम
7A

# കാരുണ്യ ദിനം










# സ്വച്ഛഗ്രഹ


Swachhagraha - Annual Review Meet and Felicitation
Trivandrum, Kerala
adani


Swachhagraha - Annual Review Meet and Felicitation



# നൂറിന്റെ നിറവിൽ


HIGHER SECONDARY SCHOOL FOR GIRLS


Centenary




Centenary Celebrations




HIGHER SECONDARY SCHOOL FOR GIRLS
Centenary Celebrations 2019-2020


ശുഭം